**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ലയിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആഫീസിലെ സീനിയർ ക്ലാർക്ക് ശ്രീ.രമേഷ്കുമാർ.ജി.യുടെ ഭാര്യയുടെ വന്ധ്യതാ ചികിത്സയ്ക്ക് തൃശ്ശൂരിലെ പൂങ്കുന്നം കെയർ സെന്റർ ആശുപത്രിയിൽ ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ. (സാധാ) നം.**2908/2019/തസ്വഭവ.** **തീയതി, തിരുവനന്തപുരം, 21/12/2019.**

---

പരാമർശം: 1) 11.07.2012 ലെ 24623/G2/2012/H&FWD നമ്പർ സർക്കുലർ.

2) 10.02.2017 ലെ സ.ഉ (പി)നം. 08/2017/ആ.കു.വ നം.ഉത്തരവ്.

3) ശ്രീ.രമേഷ്കുമാർ.ജി.യുടെ 30.01..2018 ലെ അപേക്ഷയും ബില്ലുകളും.

4) പഞ്ചായത്ത് ഡയറക്ടറുടെ 11.03.2019 -ലെ എഫ്2-8927/18 നമ്പർ കത്ത്.

5) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 21.02..2019 ലെ എം.ആർ 14-(എൽ.ഡി.സ്)/62210/2018/ആ.വ.ഡ നം. കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട് ജില്ലയിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആഫീസിലെ സീനിയർ ക്ലാർക്ക് ശ്രീ.രമേഷ്കുമാർ.ജി.യുടെ ഭാര്യയുടെ വന്ധ്യതാ ചികിത്സയ്ക്ക് തൃശ്ശൂരിലെ പൂങ്കുന്നം കെയർ സെന്റർ ആശുപത്രിയിൽ ചികിൽസ നടത്തിയതുമായി ബന്ധപ്പെട്ട് നേരിട്ട ചികിത്സാ ചെലവ് പ്രതിപൂരണം ചെയ്തു നൽകുന്നതിന് പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ പ്രത്യേക അനുമതിക്കായി പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു

2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരാമർശം (5) ലെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന് നേരിട്ട ചികിൽസാ ചെലവിൽ 1,46,336/- (ഒരു ലക്ഷത്തി നാൽപത്തി ആറായിരത്തി മുന്നൂറ്റി മുപ്പത്തി ആറ് രൂപ മാത്രം) അപേക്ഷകന് മെഡിക്കൽ റീഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം (4)പ്രകാരം റിപ്പോർട്ട് ചെയ്തു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു, പാലക്കാട് ജില്ലയിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആഫീസിലെ സീനിയർ ക്ലാർക്ക് ശ്രീ.രമേഷ്കുമാർ.ജി.യുടെ ഭാര്യയുടെ വന്ധ്യതാ ചികിത്സയ്ക്ക് തൃശ്ശൂരിലെ പൂങ്കുന്നം കെയർ സെന്റർ ആശുപത്രിയിൽ ചികിൽസ നടത്തിയ നടപടി ഒരു പ്രത്യേക കേസായി പരിഗണിച്ച് നിലവിലെ KGSMA Rules, 1960 ചട്ടങ്ങളിൽ ഇളവ് നൽകി പ്രസ്തുത ചികിത്സയ്ക്ക്, ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദിക്കാമെന്ന് അറിയിച്ചിരുന്ന തുകയായ 1,46,336/- (ഒരു ലക്ഷത്തി

നാൽപത്തി ആറായിരത്തി മുന്നൂറ്റി മുപ്പത്തി ആറ് രൂപ മാത്രം) പ്രസ്തുത മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷം, സർക്കാരിന്റെ സഞ്ചിത നിധിയിൽ നിന്നും മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ.ബി**

**ഗവ. ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം. (മെഡിക്കൽ ബില്ലുകളും അനുബന്ധ രേഖകളും സഹിതം).
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട് (പഞ്ചായത്ത് ഡയറക്ടർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എൽ ബി എ), കേരള ബ്രാഞ്ച് ഓഫീസ്, തൃശ്ശൂർ.
ശ്രീ.രമേഷ്കുമാർ.ജി, സീനിയർ ക്ലാർക്ക്, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്, പാലക്കാട്.
ആരോഗ്യ വകുപ്പ് ( 10.10.19 ലെ G2/888/2019/H&FWD നം. കുറിപ്പ് പ്രകാരം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(No.64/EPA3/19/LSGD).

ഉത്തരവിൻപ്രകാരം,

Danuja MS

സെക്ഷൻ ഓഫീസർ